To Be Seen







To Be Heard





# ഡിജിറ്റൽ ആക്ടിവിസം കേരളത്തിലെ സ്ത്രീ മുന്നേറ്റങ്ങളിലുണ്ടാക്കിയ മാറ്റം

നീതു ചന്ദ്രൻ

# HOW DIGITAL ACTIVISM IS RESHAPING KERALA'S WOMEN'S MOVEMENTS

By Neethu Chandran

കേരളത്തിൻറെ സാമൂഹ്യസാംസ്കാരിക ചരിത്രത്തിൽ എക്കാലവും സ്ത്രീകൾ സജീവമായിരുന്നു. എന്നാൽ ഭൂരിപക്ഷം വരുന്ന സ്ത്രീകൾക്കും ഈ സാമൂഹ്യപ്രക്രിയയിൽ ഇടപെടാൻ സാധിച്ചിരുന്നില്ലെന്നതാണ് യാഥാർഥ്യം. പല വിധത്തിലുള്ള പ്രതിസന്ധികൾ അല്ലെങ്കിൽ സാമൂഹ്യനിയന്ത്രണങ്ങൾ ബഹുഭൂരിപക്ഷം വരുന്ന സ്ത്രീകളെയും സാമൂഹിക ഇടപെടലുകളിൽ നിന്ന് അകറ്റി നിർത്തി. എന്നാൽ ഇൻറർനെറ്റും സാമൂഹ്യമാധ്യമങ്ങളും ഏറ്റവും അരികുവത്കരിക്കപ്പെട്ട സ്ത്രീകൾക്കു പോലും പ്രതികരിക്കുവാനും പ്രതിഷേധിക്കുവാനുമുള്ള ഇടം നൽകി. അത്തരത്തിൽ വലിയൊരു സാമൂഹ്യ മാറ്റത്തിലൂടെയാണ് കേരളത്തിലെ സ്ത്രീസമൂഹം കടന്നു പോയതെന്ന് കാണാം.

2006 മുതൽ 2026 വരെയുള്ള ഇരുപതു വർഷങ്ങൾ ഉൾപ്പെടുന്ന കാലഘട്ടം പരിശോധിക്കുമ്പോൾ, പരമ്പരാഗതമായ സമരങ്ങൾക്കപ്പുറം, ഡിജിറ്റൽ ആക്റ്റിവിസവും പ്രതിഷേധങ്ങളും സ്ത്രീ മുന്നേറ്റങ്ങളെ കാര്യമായി സ്വാധീനിച്ചതായും മാറ്റം വരുത്തിയതായും കാണാൻ സാധിക്കും. ഇൻറർനെറ്റ് കഫേകളിൽനിന്ന് സ്മാർട്ട്ഫോണുകളിലേക്കുള്ള മാറ്റം വിപ്ലവാത്കമാണ്. ബ്ലോഗുകളിൽ തുടങ്ങി ഓർക്കുട്ട് വഴി ഫെയ്സ്ബുക്കിലേക്കും പിന്നീട് എക്സ് ഉൾപ്പെടെയുള്ള ഒട്ടേറെ സമൂഹമാധ്യമങ്ങളിലേക്കുമായി അസാധാരണ വേഗത്തോടെയാണ് നാം ഒഴുകി നീങ്ങിയത്. പരമ്പരാഗതമായി ട്രേഡ് യൂണിയനുകൾ, രാഷ്ട്രീയ പാർട്ടികൾ, വനിതാ സംഘടനകൾ എന്നിവയുടെ നേതൃത്വത്തിൽ നടന്നിരുന്ന സ്ത്രീ പ്രസ്ഥാനങ്ങൾ, ഡിജിറ്റൽ ഇടപെടലുകളുടെ വരവോടെ കൂടുതൽ വികേന്ദ്രീകൃതവും ഉൾക്കൊള്ളുന്നതുമായ സ്വഭാവം കൈവരിച്ചു.

## ബ്ലോഗുകൾ പൂത്തുലഞ്ഞ കാലം

സാഹിത്യമാധ്യമ ലോകം പുരുഷാധിപത്യത്തിൽ കുടുങ്ങിക്കിടക്കുന്നകാലത്താണ് ബ്ലോഗുകൾ നിർമിക്കപ്പെട്ടത്. യാഥാസ്ഥിതിക കുടുംബബന്ധങ്ങളിൽ കുടുങ്ങിപ്പോയതോടെ സാഹിത്യത്തിൽ ഉൾപ്പെടെയുള്ള കഴിവും അറിവും കുഴിച്ചു മൂടാൻ വിധിക്കപ്പെട്ടവരായിരുന്നു അന്നത്തെ ഭൂരിപക്ഷം സ്ത്രീകളും. എഴുത്തുലോകത്ത് സജീവമായിരുന്ന വിരലിലെണ്ണാവുന്ന സ്ത്രീകൾ പോലും കടുത്ത വിമർശനങ്ങളും പരിഹാസങ്ങളും നേരിട്ടിരുന്ന കാലം. അക്കാലത്താണ് സ്വന്തം ഇടം കണ്ടെത്താൻ സ്ത്രീകൾ ബ്ലോഗുകളെ ഉപയോഗിച്ചു തുടങ്ങിയത്. വീടിനുള്ളിലെ അദൃശ്യമായ വിവേചനങ്ങൾ, കുടുംബ ബന്ധങ്ങളിലെ സങ്കീർണ്ണതകൾ എന്നിവയെക്കുറിച്ച് സ്ത്രീകൾ തുറന്നെഴുതി. ഇത് പിന്നീട് വലിയ ചർച്ചകൾക്ക് വഴിവെച്ചു. സ്വന്തം പേര് വെളിപ്പെടുത്താൻ ഭയന്നിരുന്ന സ്ത്രീകൾ തൂലികാനാമങ്ങളിൽ ബ്ലോഗുകൾ എഴുതി. അവർ വലിയ രീതിയിൽ വായിക്കപ്പെട്ടു. അജ്ഞാതമായൊരു ലോകത്തിൻറെ വാതിൽ തുറന്നു കൊടുക്കുംപോലെയായിരുന്നു അന്ന് ബ്ലോഗുകൾ പ്രവർത്തിച്ചിരുന്നത്.

## പ്രതിഷേധങ്ങൾ

പിന്നീട് ഓർക്കുട്ടെന്ന സൗഹൃദക്കൂട്ടായ്മയിലേക്കും അവിടെ നിന്ന് ഫെയ്സ്ബുക്കിലേക്കും എത്തിയതോടെ ഡിജിറ്റൽ ആക്ടിവിസം ഒരു വലിയ ശക്തിയായി മാറി. വാട്സാപ്പ് ഗ്രൂപ്പുകളിലൂടെ സമാനചിന്താഗതിയുള്ളവർ ഒന്നിക്കപ്പെട്ടതോടെ ഡിജിറ്റൽ ആക്റ്റിവിസം മറ്റൊരു തലത്തിലേക്ക് രൂപാന്തരപ്പെട്ടു. പലപ്പോഴും പ്രതിഷേധങ്ങൾ ആസൂത്രണം ചെയ്യുന്നതിനുള്ള ഇടമായി പോലും ഫെയ്സ്ബുക്ക് ഉൾപ്പെടെയുള്ള സമൂഹ മാധ്യമങ്ങൾ മാറി. സമൂഹ മാധ്യമങ്ങളിൽ പങ്കു വയ്ക്കപ്പെടുന്ന കുറിപ്പുകളിലൂടെ വൻ ജനശ്രദ്ധയാകർഷിച്ച സമരങ്ങൾ തന്നെ നിരവധിയാണ്. സമൂഹമാധ്യമങ്ങളിലൂടെ സുഹൃത്തുക്കൾ നൽകുന്ന പിന്തുണയും സഹായങ്ങളും പലരുടെയും ജീവിതത്തോടുള്ള ചിന്താഗതിയെ തന്നെ മാറ്റാൻ പ്രാപ്തമായിരുന്നു.

കോഴിക്കോട്ടെ മിഠായിത്തെരുവിലെ സ്ത്രീ തൊഴിലാളികൾ തുടങ്ങിയ ഇരിക്കാനുള്ള സമരം ഡിജിറ്റൽ ലോകം ഏറ്റെടുക്കുകയായിരുന്നു. 'പെൺകൂട്ട്' എന്ന സംഘടനയുടെ നേതൃത്വത്തിൽ നടന്ന ഈ പോരാട്ടം ഹാഷ് ടാഗുകളിലൂടെയും സോഷ്യൽ മീഡിയ കാമ്പെയ്നുകളിലൂടെയും ജനശ്രദ്ധ നേടി. ടെക്സ്റ്റൈൽ ഷോപ്പുകളിലെ സ്ത്രീകൾ നേരിടുന്ന മനുഷ്യാവകാശ ലംഘനങ്ങൾ ലോകം അറിഞ്ഞത് ഡിജിറ്റൽ ഇടങ്ങളിലൂടെയാണ്. ഇത് ഒടുവിൽ 2018ൽ കേരള ഷോപ്പ്സ് ആൻഡ് എസ്റ്റാബ്ലിഷ്മെൻറ് നിയമത്തിൽ ഭേദഗതി വരുത്തുന്നതിലേക്ക് നയിച്ചു.

മറ്റൊന്ന് പിങ്ക് ചഡ്ഡി കാമ്പെയ്നാണ്. സദാചാര ഗുണ്ടായിസത്തിനെതിരെയുള്ള ആദ്യത്തെ വലിയ ഡിജിറ്റൽ ആക്ടിവിസം കാമ്പെയ്നുകളായിരുന്നു ഇവ. മംഗലാപുരത്ത് സ്ത്രീകൾക്ക് നേരെയുണ്ടായ ആക്രമണത്തിൽ പ്രതിഷേധിച്ച് തുടങ്ങിയ പിങ്ക് ചഡ്ഡി കാമ്പെയ്ൻ കേരളത്തിലും വലിയ തരംഗമുണ്ടാക്കി. തുടർന്നാണ് കേരളത്തെ അപ്പാടെ പിടിച്ചു കുലുക്കിയ ചുംബന സമരം കൊച്ചിയിൽ അരങ്ങേറിയത്. വാലൻറൈൻസ് ദിനത്തിൽ പരസ്യമായി ചുംബിക്കാൻ എത്തിയ യുവാക്കൾ അന്ന് വലിയ രീതിയിൽ ആക്രമിക്കപ്പെട്ടു. കേരള ചരിത്രത്തിലെ സ്ത്രീപക്ഷ മുന്നേറ്റങ്ങൾ എക്കാലത്തും, ചുംബന സമരത്തിനു മുൻപും പിൻപും എന്ന രീതിയിൽ വിഭജിക്കപ്പെട്ടിരിക്കുന്നു എന്നതാണ് യാഥാർഥ്യം.

**വിമൻ ഇൻ സിനിമാ കളകറ്റീവ്**

മലയാള സിനിമാ ചരിത്രത്തിൽ വിപ്ലവകരമായ മാറ്റമുണ്ടാക്കിയ ഒന്നാണ് വിമൻ ഇൻ സിനിമാ കളകറ്റീവ് (ഡബ്ല്യു സി സി) പ്രമുഖ നടിക്ക് നേരെ നടന്ന ക്രൂരമായ പീഡനത്തിനു പിന്നാലെയാണ് സിനിമയിലെ സ്ത്രീകൾ ഒന്നിച്ച് ഡബ്ല്യു സി സി രൂപീകരിച്ചത്. സമൂഹമാധ്യമങ്ങളിലൂടെയാണ് ഡബ്ല്യു സി സി പ്രവർത്തനം സജീവമാക്കിയത്. മുഖ്യധാരാ മാധ്യമങ്ങൾ പലപ്പോഴും സിനിമയിലെ പ്രബലർക്കൊപ്പം നിന്നപ്പോൾ, ഡബ്ല്യു സി സി തങ്ങളുടെ ഔദ്യോഗിക ഫെയ്സ്ബുക്ക് പേജിലൂടെ വസ്തുതകൾ ജനങ്ങളിലെത്തിച്ചു. ഇത് സിനിമയിലെ പുരുഷാധിപത്യത്തിന് വലിയ വെല്ലുവിളിയായിരുന്നു.
അതേത്തുടർന്ന് സിനിമാ മേഖലയിൽ സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ച് പഠിക്കാനായി സർക്കാർ ഹേമ കമ്മിറ്റി രൂപീകരിച്ചു. ദീർഘകാലത്തെ സോഷ്യൽ മീഡിയ സമ്മർദ്ദങ്ങളുടെയും നിയമ പോരാട്ടങ്ങളുടെയും ഫലമായാണ് സിനിമാ മേഖലയിലെ പ്രശ്നങ്ങൾ പഠിക്കാൻ ഹേമ കമ്മിറ്റിയെ സർക്കാർ നിയമിച്ചത്. ഡിജിറ്റൽ ഇടങ്ങളിലെ നിരന്തരമായ ചർച്ചകളാണ് ഈ റിപ്പോർട്ട് പുറത്തുവരാൻ കാരണമായതും.

**ആർത്തവം**

സ്ത്രീ ശരീരത്തെക്കുറിച്ചുള്ള നാണക്കേടുകളും വിലക്കുകളും പൊളിച്ചെഴുതാൻ ഡിജിറ്റൽ ആക്ടിവിസം വലിയ പങ്ക് വഹിച്ചു. വിവാദമായ ശബരിമല സ്ത്രീപ്രവേശന ചർച്ചകൾക്ക് മുൻപേ ആർത്തവത്തെക്കുറിച്ചുള്ള തെറ്റായ ധാരണകൾ തിരുത്താൻ ലക്ഷ്യമിട്ട് തുടങ്ങിയ കാമ്പെയ്നാണ് ഹാപ്പി ടു ബ്ലീഡ്. സോഷ്യൽ മീഡിയയിൽ സാനിറ്ററി പാഡുകൾക്കൊപ്പം ഫോട്ടോ പോസ്റ്റ് ചെയ്തും ഹാഷ് ടാഗുകൾ ഉപയോഗിച്ചും സ്ത്രീകൾ തങ്ങളുടെ ശരീരത്തിന്മേലുള്ള അവകാശം പ്രഖ്യാപിച്ചു. ആർത്തവം തൊട്ടുകൂടായ്മയായി നിലനിൽക്കുമ്പോൾ, ആർത്തവത്തിൻറെ പേരിൽ സ്ത്രീകൾ മാറ്റി നിർത്തപ്പെടുമ്പോൾ, 'വരൂ തൊട്ടുകൂടാം' എന്ന് സമൂഹത്തോട് പറഞ്ഞുകൊണ്ട് നടന്ന 'ആർപ്പോ ആർത്തവം', ശബരിമല യുവതീപ്രവേശന വിധിയെ തുടർന്നുണ്ടായ സംവാദങ്ങളെ മറ്റൊരു തലത്തിലേക്ക് ഉയർത്തി.
പ്രമുഖ തമിഴ് സംവിധായകൻ പാ രഞ്ജിത് അടക്കമുള്ളവർ പരിപാടിയിലെ ജനപങ്കാളിത്തത്തെ വർധിപ്പിച്ചു. ശബരിമല യുവതീ പ്രവേശനത്തെ അനുകൂലിച്ച് തമിഴ്നാട്ടിൽ പ്രചാരണം നടത്തുന്ന ദ കാസ്റ്റ്ലസ് കലക്ടീവ്, കോവൻ സംഘം, ഊരാളി, കലാകക്ഷി തുടങ്ങിയ സംഘങ്ങളുടെ കലാ ആവിഷ്കാരങ്ങൾ രണ്ടു ദിവസങ്ങളിലായി അരങ്ങേറി. കൊച്ചി കേന്ദ്രമായി പ്രവർത്തിക്കുന്ന കലാപ്രവർത്തകരുടെ കൂട്ടായ്മയായ കലാകക്ഷിയിലെ ജലജ.പി.എസ് 'ആർപ്പോ ആർത്തവം' പരിപാടിക്കുവേണ്ടി വരച്ച അയ്യങ്കാളിയുടേയും പഞ്ചമിയുടേയും ചിത്രം പിന്നീട് സംസ്ഥാന സർക്കാർ അവതരിപ്പിച്ച ബജറ്റിൻറെ കവർ ചിത്രമായി മാറിയത് ചരിത്രം. ചെറുതും വലുതുമായ ഓൺലൈൻ പോർട്ടലുകൾ ഉൾപ്പെടെയുള്ള സമാന്തര മാധ്യമങ്ങൾ ആർത്തവ അയിത്തമെന്ന അടിസ്ഥാന പ്രശ്നത്തിൻറെ ഉള്ളറകളിലേക്ക ഇറങ്ങിച്ചെല്ലുകയും വിഷയത്തിൽ കൃത്യമായി അഭിപ്രായം പ്രകടിപ്പിച്ച് മുന്നോട്ടു പോകുകയുമുണ്ടായി.

**നാപ്കിൻ സമരം കത്തിപ്പടർന്ന കാലം**

2014ലാണ് കേരളത്തിൽ നാപ്കിൻ സമരമുണ്ടായത്. കൊച്ചി കാക്കനാട് പ്രത്യേക സാമ്പത്തിക മേഖലയിൽ പ്രവർത്തിക്കുന്ന അസ്മ റബ്ബർ പ്രൈവറ്റ് ലിമിറ്റഡ് കമ്പനിയിലുണ്ടായ സംഭവമാണ് പ്രതിഷേധങ്ങൾക്ക് തുടക്കമിട്ടത്.
കമ്പനിയിലെ ടോയ്ലറ്റിൽനിന്ന്, ഉപയോഗിച്ച നാപ്കിൻ കണ്ടെത്തിയതാണ് പ്രശ്നങ്ങൾക്ക് തുടക്കമിട്ടത്. നാപ്കിൻ ആരുടേതാണെന്ന് കണ്ടെത്താനായി കമ്പനിയിലെ സൂപ്പർവൈസർമാർ 45 സ്ത്രീകളെ വസ്ത്രമഴിച്ച് പരിശോധിച്ചു. അതിനു പിന്നാലെ സമൂഹ മാധ്യമങ്ങളിലൂടെ സംഭവം വിവാദമായി. കമ്പനി മാനേജർക്ക് നാപ്കിനുകൾ തപാലിൽ അയച്ചു കൊടുക്കുന്ന വിധത്തിലുള്ള പ്രതിഷേധത്തിൽ നിരവധി പേർ പങ്കാളികളായി. പ്രതിഷേധത്തിൻറെ ഭാഹമായി റെഡ് അലേർട്ട് എന്നൊരു ഫെയ്സ്ബുക്ക് പേജ് നിർമിക്കപ്പെട്ടിരുന്നു. ഒടുവിൽ സ്ത്രീകളെ വസ്ത്രമഴിച്ചു പരിശോധിച്ച സൂപ്പർവൈസർമാരെ സസ്പെൻഡ് ചെയ്യേണ്ടതായി വന്നു.
തടിച്ച ശരീരമുള്ളവർക്കോ കറുത്ത നിറമുള്ളവർക്കോ നേരെ നടക്കുന്ന ബോഡി ഷേമിങ്ങിനെതിരെ ഇൻസ്റ്റാഗ്രാമിൽ വലിയ മുന്നേറ്റങ്ങൾ ഉണ്ടായി. 'എന്റെ ശരീരം എന്റെ അവകാശം' എന്ന ബോധം യുവതികൾക്കിടയിൽ വളർത്താൻ ഡിജിറ്റൽ ആക്ടിവിസത്തിന് സാധിച്ചു.

**മീ റ്റൂ പ്രതിഷേധത്തിൻറെ പ്രസക്തി**

കേരളത്തിലെ തൊഴിലിടങ്ങളിൽ ലൈംഗിക ചൂഷണം നേരിടുന്ന സ്ത്രീകൾക്ക് 'Me Too' ഒരു വലിയ ആശ്വാസമായി. പ്രമുഖരായ പല വ്യക്തികൾക്കെതിരെയും സ്ത്രീകൾ സോഷ്യൽ മീഡിയയിലൂടെ വെളിപ്പെടുത്തലുകൾ നടത്തി. ഇത് പലയിടങ്ങളിലും ഇൻറേണൽ കംപ്ലെയ്ൻറ്സ് കമ്മിറ്റികൾ രൂപീകരി

ക്കാൻ കാരണമായി. തങ്ങൾ ഒറ്റയ്ക്കല്ല എന്ന ബോധം ഡിജിറ്റൽ ഗ്രൂപ്പുകൾ സ്ത്രീകൾക്ക് നൽകി. സിനിമ, മാധ്യമം, അക്കാദമിക് മേഖലകൾ എന്നിവിടങ്ങളിലെ സ്ത്രീകൾ അവരുടെ അനുഭവങ്ങൾ സോഷ്യൽ മീഡിയയിലൂടെ പങ്കുവെച്ചു.
പരമ്പരാഗത നിയമസംവിധാനങ്ങളിലുള്ള അവിശ്വാസം, സാമൂഹിക അപമാനം എന്നിവ മൂലം മൗനംപാലിച്ചിരുന്ന സ്ത്രീകൾക്ക് ഡിജിറ്റൽ ഇടങ്ങൾ സുരക്ഷിതമായ ഒരു വേദിയായി മാറി. ഇതോടെ അധികാര ബന്ധങ്ങൾ, പുരുഷാധിപത്യം, സ്ഥാപനങ്ങളുടെ മൗനം എന്നിവ ശക്തമായി ചോദ്യം ചെയ്യപ്പെട്ടു.

**വർധിക്കുന്ന സൈബർ ആക്രമണം**

ഡിജിറ്റൽ ആക്ടിവിസം വളരുമ്പോൾ തന്നെ സ്ത്രീകൾ നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി സൈബർ ആക്രമണങ്ങളാണ്. രാഷ്ട്രീയമോ സാമൂഹികമോ ആയ നിലപാടുകൾ പറയുന്ന സ്ത്രീകൾക്കെതിരെ സംഘടിതമായ രീതിയിൽ അശ്ലീല കമൻറുകളും ബോഡി ഷേമിങ്ങും ഇപ്പോഴും സജീവമാണ്. തരംതാഴ്ത്തലുകൾ, വ്യാജ പ്രചാരണങ്ങൾ എന്നിവ സ്ത്രീകൾ നേരിടുന്ന വലിയ വെല്ലുവിളികളാണ്. പലപ്പോഴും ശക്തമായ നിലപാടെടുക്കുന്ന സ്ത്രീകൾക്ക് നേരെ വലിയ തോതിലുള്ള സൈബർ ആക്രമണങ്ങൾ ഉണ്ടാകാറുണ്ട്. ഇതിനെ പ്രതിരോധിക്കാൻ സൈബർ നിയമങ്ങളെക്കുറിച്ച് സ്ത്രീകൾക്ക് അവബോധം നൽകുന്ന നിരവധി പേജുകൾ സോഷ്യൽ മീഡിയയിൽ സജീവമാണ്. ഡീപ് ഫേക്ക് പോലുള്ള സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് സ്ത്രീകളെ അപമാനിക്കുന്നതിനെതിരെ ശക്തമായ ഡിജിറ്റൽ പ്രതിരോധങ്ങൾ ഇപ്പോൾ നിലവിലുണ്ട്.

**കുടുംബശ്രീ പ്രസ്ഥാനവും ഡിജിറ്റൽവത്കരണവും**

കേരളത്തിലെ വനിതാ ശാക്തീകരണത്തിൻറെ മറ്റൊരു പ്രധാന അംശമാണ് കുടുംബശ്രീ. 2010ന് ശേഷം കുടുംബശ്രീ ഡിജിറ്റൽ സാങ്കേതികവിദ്യകൾ സ്വീകരിച്ച് സ്ത്രീകളെ സാമ്പത്തികമായി ശക്തിപ്പെടുത്തുന്നതിൽ വലിയ മുന്നേറ്റം നടത്തി. ഡിജിറ്റൽ പേയ്മെൻറുകൾ, ഓൺലൈൻ മാർക്കറ്റിംഗ്, സോഷ്യൽ മീഡിയ പ്രമോഷൻ എന്നിവ വഴി സ്ത്രീകൾ അവരുടെ സംരംഭങ്ങൾ വിപുലീകരിച്ചു. ഇത് ഡിജിറ്റൽ ആക്ടിവിസത്തിൻറെ ഒരു വ്യത്യസ്ത രൂപമാണ് സാമ്പത്തിക സ്വാതന്ത്ര്യത്തിലൂടെ സാമൂഹിക ശക്തി നേടൽ. ഡിജിറ്റൽ സാക്ഷരതയും സാമൂഹിക ബോധവും ചേർന്നപ്പോൾ സ്ത്രീകൾ പ്രാദേശിക രാഷ്ട്രീയത്തിലും ഭരണത്തിലും കൂടുതൽ സജീവമായി.

**സാമ്പത്തിക മുന്നേറ്റം**

വെറുമൊരു വാക്കിലോ സമരത്തിലോ ഒതുങ്ങാതെ, ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ വഴി സ്വയം തൊഴിൽ കണ്ടെത്തി സാമ്പത്തിക സ്വാതന്ത്ര്യം നേടുന്ന ലക്ഷക്കണക്കിന് സ്ത്രീകളാണ് നമുക്കു മുന്നിൽ ഇന്നുള്ളത്. സ്ത്രീ മുന്നേറ്റത്തിലെ പ്രധാന കണ്ണി തന്നെയാണ് സാമ്പത്തിക സ്വാതന്ത്ര്യം. സ്വയംസംരംഭകരായ അനവധി സ്ത്രീകളാണ് ഇന്നു നമുക്കുള്ളത്. മുഖ്യധാരാ വിപണിയിൽ നിന്ന് മാറി നിന്ന് സ്വയം ചിത്രീകരിക്കുന്ന വിഡിയോകളിലൂടെയും വ്ലോഗുകളിലൂടെയുമാണ് അവർ ഉപയോക്താക്കളിലേക്കെത്തിയത്. വസ്ത്രവും ഭക്ഷണവും മുതലുള്ള അവശ്യ വസ്തുക്കളുടെ വിൽപ്പനയും പ്രചരണവും സമൂഹമാധ്യമങ്ങളിലൂടെയാണ് പ്രധാനമായും നടക്കുന്നത്. അതിനു പുറമേ പാചകവും നർമവും ഉൾപ്പെടുന്ന ചെറു റീലുകളും, വ്ലോഗുകളുമെല്ലാം സ്ത്രീകൾക്ക് സാമ്പത്തിക സുരക്ഷിതത്വം നൽകിയിട്ടുണ്ട്.

കഴിഞ്ഞ 20 വർഷം കേരളത്തിലെ സ്ത്രീ മുന്നേറ്റങ്ങളുടെ ചരിത്രത്തിൽ ഒരു സുവർണ്ണ കാലഘട്ടമാണ്. ഡീപ് ഫേക്ക് അടക്കമുള്ള സാങ്കേതികവിദ്യകൾ സ്ത്രീകളെ വലിയ രീതിയിൽ ദോഷകരമായി ബാധിച്ചിട്ടുണ്ടെങ്കിൽ പോലും ഡിജിറ്റൽ ആക്റ്റിവിസം സ്ത്രീകൾക്ക് നൽകിയിരിക്കുന്നത് വിശാലമായ ലോകമാണ്. ഡിജിറ്റൽ ആക്ടിവിസം മലയാളി സ്ത്രീക്ക് നൽകിയത് ശബ്ദവും ചിന്തകളും ലോകം മുഴുവൻ കേൾപ്പിക്കാൻ കഴിയുന്ന തരത്തിൽ ഒരു വലിയ വേദിയാണ്. അത്തരത്തിൽ രാഷ്ട്രീയമായും സാമ്പത്തികമായും സാംസ്കാരികമായുമെല്ലാം സ്ത്രീ മുന്നേറ്റങ്ങളെ പതാകതയിലെത്തിക്കാൻ ഡിജിറ്റൽ ആക്റ്റിവിസത്തിന് കഴിഞ്ഞിട്ടുണ്ട്. ഇത് വരും തലമുറയിലെ പെൺകുട്ടികൾക്കും വലിയ ആത്മവിശ്വാസം നൽകുന്നു.



*A senior content editor at 'Metrovaartha' with 12 years of experience in the media, she has held key roles in reporting, sub-editing, and digital content management.*

## ‘മാധ്യമ പ്രവർത്തകർ വേട്ടയാടപ്പെടുമ്പോൾ’

# സമകാലിക ഇന്ത്യൻ മാധ്യമ പ്രവർത്തനം ഒരു വിശകലനം

സരിത ബാലൻ

# WHEN JOURNALISTS ARE TARGETED: AN ANALYSIS OF CONTEMPORARY INDIAN MEDIA PRACTICES

**By Sarita Balan**

അധികാരികളുടെ കണ്ണിലെ കരടായി മാധ്യമപ്രവർത്തകർ മാറുന്നുണ്ടെങ്കിൽ അവർ തന്റെ തൊഴിലിനോട് നൂറു ശതമാനം നീതി പുലർത്തുന്നുണ്ടെന്നാണ് അർത്ഥം. എന്നാൽ സമകാലിക ഇന്ത്യൻ മാധ്യമ പ്രവർത്തനത്തിൽ അങ്ങനെ അധികാരികളുടെയും ഭരണകൂടത്തിന്റെയും കണ്ണിലെ കരടായി മാറാൻ അവസരങ്ങൾ കുറവാണ് എന്നതാണ് യാഥാർത്ഥ്യം. കാരണം സ്വതന്ത്ര മാധ്യമ പ്രവർത്തനം നടത്താൻ അവസരം നൽകുന്ന സ്ഥാപനങ്ങൾ വിരളമാണ് എന്നത് തന്നെ. ഭരണകൂടത്തിന് ഓശാന പാടാത്ത മാധ്യമ പ്രവർത്തകർ പലരും ഇന്ന് തൊഴിൽ രഹിതരാണ്.

‘മാധ്യമപ്രവർത്തകൻ പ്രതിസന്ധിയിലാകുമ്പോൾ മാധ്യമപ്രവർത്തനം ശരിയായ പാതയിലായിരിക്കും‘ (When a Journalist is in Trouble, Journalism is Probably on the Right Path) എന്ന തലക്കെട്ടിൽ പ്രമുഖ വെബ് പോർട്ടലായ 'കൗണ്ടർ കറന്റ്സ്' പ്രസിദ്ധീകരിച്ച ലേഖനം നിലവിലെ മാധ്യമ സാഹചര്യങ്ങളെയും മാധ്യമപ്രവർത്തകർ നേരിടുന്ന വെല്ലുവിളികളെയും വിശകലനം ചെയ്യുന്നു.

സത്യം വിളിച്ചുപറയുന്നവർക്ക് നേരെ ഭരണകൂടങ്ങളും നിക്ഷിപ്ത താത്പര്യക്കാരും ഉയർത്തുന്ന ഭീഷണികൾ യഥാർത്ഥത്തിൽ ആ മാധ്യമപ്രവർത്തനത്തിന്റെ വിജയമാണെന്ന് ലേഖനം ചൂണ്ടിക്കാട്ടുന്നു. അധികാരികളെ പ്രീണിപ്പിക്കുന്ന ‘പി.ആർ’ വർക്കുകളായി മാധ്യമപ്രവർത്തനം അധപതിക്കുന്ന കാലത്ത്, ചോദ്യങ്ങൾ ചോദിക്കുന്നവരും പീഡനങ്ങൾ ഏറ്റുവാങ്ങുന്നവരും മാത്രമാണ് ജനാധിപത്യത്തിന്റെ കാവലാളുകളാകുന്നത്.

മാധ്യമപ്രവർത്തകർക്കെതിരെയുള്ള കേസുകൾ, അറസ്റ്റുകൾ, സൈബർ ആക്രമണങ്ങൾ എന്നിവയെ കേവലം ഒറ്റപ്പെട്ട സംഭവങ്ങളായല്ല കാണേണ്ടത്. മറിച്ച്, ജനപക്ഷത്തുനിന്ന് അധികാരത്തോട് സത്യം പറയുന്നതുകൊണ്ട് സംഭവിക്കുന്ന സ്വാഭാവിക പ്രത്യാഘാതങ്ങളാണിവ. ഭരണകൂടത്തിന്റെ വിടുപണി ചെയ്യുന്ന, കോർപ്പറേറ്റ് വൽക്കരിക്കപ്പെടുന്ന മാധ്യമങ്ങൾ വേറിട്ടു നിൽക്കുന്ന ശബ്ദങ്ങളെ അടിച്ചമർത്താൻ ശ്രമിക്കുന്നത് അവർ ശരിയായ പാതയിലായതു കൊണ്ടാണ്. ലോകമമ്പാടും പത്രസ്വാതന്ത്ര്യം നേരിടുന്ന വെല്ലുവിളികളെ മുൻനിർത്തിയാണ് ലേഖനം ചർച്ച നയിക്കുന്നത്. മാധ്യമപ്രവർത്തനം എന്നത് സുരക്ഷിതമായ ഒരു മുറിയിലിരുന്ന് അധികാരികൾ നൽകുന്ന കുറിപ്പുകൾ വായിക്കലല്ല, മറിച്ച് പുറത്തുവരാൻ ആരും ആഗ്രഹിക്കാത്ത സത്യങ്ങൾ മാന്തിപ്പുറത്തെടുക്കലാണെന്നും ലേഖനം ഓർമ്മിപ്പിക്കുന്നു. ഭരണകൂടം ഒരു മാധ്യമപ്രവർത്തകനെ ഭയപ്പെടുന്നുണ്ടെങ്കിൽ, അവിടെയാണ് യഥാർത്ഥ പത്രപ്രവർത്തനം ജനിക്കുന്നത്.

പ്രതിസന്ധികൾക്കിടയിലും തളരാതെ പോരാടുന്ന മാധ്യമപ്രവർത്തകർക്ക് ഐക്യദാർഢ്യം പ്രഖ്യാപിക്കുന്ന ലേഖനം, ജനാധിപത്യത്തിന്റെ നാലാം തൂണ് തകരാതെ നിൽക്കുന്നത് ഇത്തരം പോരാട്ടങ്ങളിലൂടെയാണെന്നും അടിവരയിടുന്നു.

### സ്വതന്ത്ര മാധ്യമപ്രവർത്തകർക്കിടയിലെ മാനസികാരോഗ്യ പ്രതിസന്ധി

നിർഭയമായ മാധ്യമ പ്രവർത്തന സ്ഥാപനങ്ങൾ കുറയുമ്പോൾ കൂടുതൽ മാധ്യമ പ്രവർത്തകരും സ്വതന്ത്ര മാധ്യമപ്രവർത്തനത്തിലേക്ക് കടക്കുന്നു. എന്നാ ൽ സ്വതന്ത്ര മാധ്യമപ്രവർത്തകരായി ഇരിക്കുക എന്നത് എളുപ്പവും ദീർഘകാലാടിസ്ഥാനത്തിൽ പ്രായോഗികവുമല്ല. സ്വതന്ത്ര മാധ്യമപ്രവർത്തകരുടെ എണ്ണം കൂടി എന്നതും വരുമാനം കുറവാണ് എന്നതുമാണ് കാരണം. ഇതുണ്ടാകുന്ന മാനസിക സമ്മർദ്ദം ഏറെയാണ്.

തൊഴിൽപരമായ അരക്ഷിതാവസ്ഥ, ശാരീരിക ആക്രമണങ്ങൾ, സൈബർ ആക്രമണങ്ങൾ, ഭരണകൂട വേട്ടയാടൽ എന്നിവ സ്വതന്ത്ര മാധ്യമപ്രവർത്തകരുടെ മാനസിക നിലയെ ഗുരുതരമായി ബാധിക്കുന്നതായി പഠനങ്ങൾ സൂചിപ്പിക്കുന്നു. ചുരുങ്ങുന്ന മാധ്യമസ്വാതന്ത്ര്യവും നേരിടുന്ന വെല്ലുവിളികളും തൊണ്ണൂറുകളുടെ അവസാനത്തിലും രണ്ടായിരത്തിന്റെ തുടക്കത്തിലും ഇന്ത്യയിൽ മാധ്യമ സ്ഥാപനങ്ങളുടെ എണ്ണത്തിൽ വലിയ വർദ്ധനവുണ്ടാക്കിയിരുന്നു. എന്നാൽ, സമീപകാലത്ത് സ്വതന്ത്ര പത്രപ്രവർത്തനത്തിനുള്ള ഇടം ക്രമേണ കുറഞ്ഞു വരികയാണെന്ന് അലിയ സർവ്വകലാശാലയിലെ കമ്മ്യൂണിക്കേഷൻ വിഭാഗം അസിസ്റ്റന്റ് പ്രൊഫസറും മുൻ മാധ്യമപ്രവർത്തകനുമായ മുഹമ്മദ് റിയാസ് നിരീക്ഷിക്കുന്നു. പ്രധാന മാധ്യമങ്ങൾ പലപ്പോഴും അവഗണിക്കുന്ന പാർശ്വവൽക്കരിക്കപ്പെട്ട സമൂഹങ്ങളുടെ പ്രശ്നങ്ങളും അക്രമങ്ങളും റിപ്പോർട്ട് ചെയ്യുന്നത് ഇന്ന് സ്വതന്ത്ര മാധ്യമപ്രവർത്തകരാണ്. ഇത്തരത്തിൽ സത്യസന്ധമായ വാർത്തകൾ പുറത്തുകൊണ്ടുവരുന്ന

ത് അവരെ പലപ്പോഴും തീവ്രവാദ ഗ്രൂപ്പുകളുടെയും സൈബർ ട്രോളുകളുടെയും ലക്ഷ്യസ്ഥാനമാക്കി മാറ്റുന്നു.

വനിതാ മാധ്യമപ്രവർത്തകർ നേരിടുന്ന വെല്ലുവിളികൾ ഇതിലും ഭീകരമാണ്. ന്യൂനപക്ഷങ്ങൾക്കെതിരായ അക്രമങ്ങൾ റിപ്പോർട്ട് ചെയ്യുന്ന ഡൽഹി ആസ്ഥാനമായുള്ള സ്വതന്ത്ര മാധ്യമപ്രവർത്തക സുമയ്യ അലി താൻ നേരിട്ട ദുരനുഭവങ്ങൾ പങ്കുവെക്കുന്നു. അവർ ചെയ്യുന്ന വാർത്തകളുടെ പേരിൽ സോഷ്യൽ മീഡിയയിലൂടെ അതിക്രൂരമായ അധിക്ഷേപങ്ങളും വധഭീഷണികളുമാണ് നേരിടേണ്ടി വരുന്നത്. ഇത് വലിയ തോതിലുള്ള മാനസിക സമ്മർദ്ദത്തിലേക്കും ഭയത്തിലേക്കും അവരെ നയിച്ചിട്ടുണ്ട്.

വൈകാരിക ആഘാതങ്ങളും വർഗീയ സംഘർഷങ്ങളും മനുഷ്യാവകാശ ലംഘനങ്ങളും റിപ്പോർട്ട് ചെയ്യുന്ന മാധ്യമപ്രവർത്തകർ പലപ്പോഴും 'പോസ്റ്റ് ട്രോമാറ്റിക് സ്ട്രെസ് ഡിസോർഡർ' (PTSD) പോലുള്ള അവസ്ഥകളിലൂടെ കടന്നുപോകുന്നതായി സൈക്കോഡൈനാമിക് സൈക്കോതെറാപ്പിസ്റ്റ് ഡോ. സബാ സിദ്ദിഖി വ്യക്തമാക്കുന്നു. റിപ്പോർട്ട് ചെയ്യുന്ന സംഭവങ്ങൾ കഴിഞ്ഞാലും ആ ദൃശ്യങ്ങളും അനുഭവങ്ങളും അവരെ വിട്ടുമാറാതെ വേട്ടയാടുന്നു. ഉറക്കമില്ലായ്മ, ഒറ്റപ്പെടൽ, അമിതമായ ഉത്കണ്ഠ എന്നിവ ഇവരിൽ കണ്ടുവരുന്നു.

കശ്മീർ പോലുള്ള സംഘർഷ ബാധിത മേഖലകളിൽ ജോലി ചെയ്യുന്ന ഫോട്ടോ ജേണലിസ്റ്റുകളുടെ അവസ്ഥയും സമാനമാണ്. വർഷങ്ങളോളം സംഘർഷങ്ങൾക്കും ദുരന്തങ്ങൾക്കും സാക്ഷ്യം വഹിക്കേണ്ടി വരുന്നത് അവരിൽ വലിയ വൈകാരിക മുറിവുകളാണ് ഉണ്ടാക്കുന്നത്. പലപ്പോഴും ഇവർക്ക് കൃത്യമായ മാനസികാരോഗ്യ ചികിത്സയോ പിന്തുണയോ ലഭിക്കാറില്ല.

സാമ്പത്തിക അരക്ഷിതാവസ്ഥ മാനസിക സമ്മർദ്ദത്തിന് മറ്റൊരു പ്രധാന കാരണം സാമ്പത്തികമായ അനിശ്ചിതത്വമാണ്. മിക്ക സ്വതന്ത്ര മാധ്യമപ്രവർത്തകർക്കും കൃത്യമായ കരാറുകളോ ആരോഗ്യ ഇൻഷുറൻസോ ലഭിക്കാറില്ല. അവർ ചെയ്യുന്ന കഠിനാധ്വാനത്തിനോ നേരിടുന്ന റിസ്കിനോ അനുസരിച്ചുള്ള വേതനം പലപ്പോഴും ലഭിക്കുന്നില്ല. ഈ സാമ്പത്തിക പ്രതിസന്ധി കാരണം പലരും മാധ്യമപ്രവർത്തനം ഉപേക്ഷിച്ച് അക്കാദമിക് മേഖലയിലേക്കോ കോർപ്പറേറ്റ് കമ്മ്യൂണിക്കേഷൻ രംഗത്തേക്കോ മാറാൻ നിർബന്ധിതരാകുന്നു.

മാധ്യമപ്രവർത്തകർ നേരിടുന്ന ഈ മാനസികാരോഗ്യ പ്രതിസന്ധിക്ക് പരിഹാരം കാണേണ്ടത് അനിവാര്യമാണ്. മാധ്യമ സ്ഥാപനങ്ങൾ സ്വതന്ത്ര മാധ്യമപ്രവർത്തകർക്ക് ആവശ്യമായ മാനസിക പിന്തുണയും ഇൻഷുറൻസ് പരിരക്ഷയും ഉറപ്പാക്കണം. കൂടാതെ, മാധ്യമപ്രവർത്തകർക്ക് നേരെ ഉണ്ടാകുന്ന ആക്രമണങ്ങളിൽ ഭരണകൂടം കർശന നടപടി സ്വീകരിക്കണമെന്നും വിദഗ്ധർ ആവശ്യപ്പെടുന്നു.

വാർത്താശേഖരണത്തിനിടയിൽ സ്വന്തം മാനസികാരോഗ്യം പണയപ്പെടുത്തേണ്ടി വരുന്ന ഒരു വിഭാഗം ഇന്നും ഇന്ത്യയിൽ നിശബ്ദമായി പൊരുതുന്നുണ്ട്. അവരുടെ പ്രതിസന്ധി പലപ്പോഴും എഴുതപ്പെടാതെ പോകുന്നു. അവരുടെ ചെറുത്തു നിൽപ്പുകൾ ക്രമേണ ദുർബലമായാൽ സ്വതന്ത്ര നിർഭയ മാധ്യമ പ്രവർത്തനത്തിന് എന്ത് സംഭവിക്കുമെന്ന ചോദ്യമാണ് പ്രസക്തം.



Formerly Independent Journalist. Political Analyst. Contributor- indiamongabay.com , Good food movement .com, Kerala Bureau Head TheNewsminute, The Pioneer New Delhi, The New Indian Express, India Today, and Kerala Kaumudi.

# നവ കേരളവും ക്ലീൻ കേരള കമ്പനിയും

മാലിന്യമുക്തം നവകേരളം





**35** കോടിയുടെ നേട്ടം

ഹരിത കർമ്മസേന ശേഖരിച്ച പുനഃ ചംക്രമണ സാദ്ധ്യമായ വസ്തുക്കൾക്ക് മികച്ച വില ഉറപ്പാക്കി.

**3** ലക്ഷം ടൺ $CO_2$

പൊതുയിടങ്ങളിൽ കത്തിക്കുമ്പോൾ ഉണ്ടാകുമായിരുന്ന 3 ലക്ഷം ടൺ CO2, ശാസ്ത്രീയ മാലിന്യ പരിപാലനത്തിലൂടെ ഒഴിവാക്കാൻ സാധിച്ചു

**2.43** ലക്ഷം ടൺ

മാലിന്യം ക്ലീൻ കേരള കമ്പനി ശേഖരിച്ചത്

- ✓ ഹരിതകർമ്മസേനയ്ക്ക് സ്ഥിരവരുമാനം, തൊഴിൽ സുരക്ഷ, മികച്ച വേതനം
സേനാംഗങ്ങളുടെ കുട്ടികൾക്ക് പഠനസഹായം
ഇൻഷുറൻസ് പരിരക്ഷയും, മെഡിക്കൽ ക്യാമ്പുകളും
- ✓ പ്ലാസ്റ്റിക് കത്തിച്ചാലുണ്ടാകുന്ന വിഷവാതകങ്ങളുടെ അളവ് ഗണ്യമായി കുറക്കാൻ കഴിഞ്ഞു
- ✓ നാടിനും ജലാശയങ്ങൾക്കും സംരക്ഷണം.
പകർച്ച വ്യാധി പ്രതിരോധത്തിൽ പങ്കാളിത്തം

LSGD

Clean Kerala
Company Limited

# LEAPING OVER THE HURDLE OF PATRIARCHY IN THE NEWSROOM

## By Vidhulata

About 25 years ago, patriarchal thinking dominated editorial rooms. Before the news brought or written by women was judged, male editors would first test the woman's perspective itself. It was expected that women should be hardworking and available at all times, but their own right to decision-making, identity, and stability was kept far away from us.

Despite excellent reporting and in-depth interviews, women were deliberately kept a step behind their male colleagues. They brought the news, but the byline was often someone else's. They took the risks, but the rewards went to others. Low pay and the practice of not making women permanent employees for years were all part of the same system, where the editor's will was considered the ultimate rule.

This was not merely professional discrimination, but a silent restriction imposed on a woman's freedom. Still, within these limitations, many women journalists protected their voices and eventually created their own space.

My own experience was no less difficult. After completing my M.A. in Hindi Literature and then a doctorate in Hindi, I had to leave an ad-hoc lectureship at a government college because of the same patriarchal mindset and politics. I thought journalism would allow me to use Hindi meaningfully. I worked with newspapers across the country (Navbharat, Nai Duniya, Sunday Observer, Jansatta, Lokmat).

In some places, I didn't get a byline, and elsewhere, the font size of my name was deliberately made smaller. If there were four or five reports, in two or three of them my male colleagues would not even include my name. This continued routinely.

Once, I wrote an article on the shortcomings of the Panchayati Raj system at its inception. That article was published in Dainik Bhaskar. The editor of Lokmat, where I freelanced, got angry and said, "We will not publish you anymore. How could you send it to Bhaskar without asking us? You should have sent it to us first." I was freelancing, yet I left that newspaper immediately.

**Home and finances**

Meanwhile, my family responsibilities increased—marriage, and then a daughter who was four years old, seriously ill and needed surgery. From newspapers, I received cheques of 50, 100, 200, and once almost 500 from Bhaskar. Later, I joined *Dainik Bhaskar* on an annual contract, at a time when the newspaper was preparing to expand rapidly. Under this contract, the payment was fixed at 1,000 rupees per report.

During that period, I reported on Panchayati Raj, environment, city roads, the budget, political interviews, the Narmada Bachao movement, corruption in anganwadis, and schemes like the Chief Minister Kanyadaan Yojana, among many other issues. I also got the opportunity to interview the late Vidya Charan Shukla, the late Atal Bihari Vajpayee, and Rajmata. Unfortunately, the interview of Atal ji was published by a colleague under his own name, and I was told it happened "by mistake."

After completing 12 months of reporting, I went

to the editor's room to ask for my payment. He handed me a cheque. I was happy because I needed to deposit 35,000 rupees for my daughter's minor neuro-urinary tube operation. But when I read the cheque, it was for only 1,200 rupees. His desk in-charge, one of his close followers, was sitting there. I said, "This is far too little. The amount was fixed differently. You are paying me only 100 per report, just 1,200 in total." He said harshly, "This is all you will get."

I felt deeply humiliated. The date of my daughter's operation was approaching. My mind said, this is wrong, this is injustice, and an insult to my hard work. My heart said, "Vidhu, you are in the wrong place." I immediately tore the cheque, placed it on the editor's table, and said, "You know that for an entire year I did all the reporting, leaving my small, sick child at home and travelling by autorickshaw. I feel this money will be more useful to you than to me."

The desk in-charge said, "Keep it, Vidhu. Money is a very big thing."

I replied, "Yes, money is important, but not as big as you think it is."

I returned home and told my husband nothing.

Two or three days later, I received an envelope containing a cheque for 15,000 rupees. After that, I never looked back.

**Turning editor**

Subsequently, I registered my own magazine called *Aurat* and started publishing it in July 2001. I learned to ride a Kinetic Honda scooter to get around. The Madhya Pradesh government began giving advertisements to my magazine, starting from 5,000 rupees, and today the magazine receives substantial advertisements. I gave priority to rural journalism.

The government granted state-level accreditation in 2006. I received several established awards and travelled abroad. Ironically, articles by the same editor are now occasionally published in my magazine.

After a long career in journalism, there is now a sense of peace. My daughter lives in Fort Collins, Colorado, USA, and supports my journalistic work financially.

I have always followed only one principle throughout my journalistic journey: "Do not be afraid, do not fight, do not bend. Keep walking with the truth."



*Dr. Vidhulata is Editor, Aurat Monthly Hindi Magazine, continuously published from Bhopal for the past 26 years. She is also Executive Member, Madhya Pradesh Press Club, Trust of India*

# BEHIND A STORY NO ONE WANTS TO TELL

## By Amrita Dutta

In May 2025, my colleague Rokibuz Zaman called me about – what seemed at the time – an unbelievable story.

His sources in the Matia transit camp, India's largest detention centre in Assam's Goalpara district, were telling him that orders had arrived to "push back" a batch of detainees. That innocuous phrase was cover for a sinister operation – it involved the Border Security Force (BSF) dumping people into the no man's land between India and Bangladesh borders. Only a few weeks ago, India had cast 40 Rohingya refugees into the Andaman Sea, flouting all rules of deportation and international norms.

As his editor, my worry was if – and how – we would be able to confirm the story. Assam government officials were refusing to take Rokibuz's calls, while families were frantic with worry. How do we report on a clandestine operation on the borderlands? How do we refer to people who are likely Indian but have been deemed foreigners by an arbitrary process? This is a fraught time for journalists, when official narratives undercut plain realities and facts are bitterly contested. How can we, then, tell an impactful humanitarian story?

**Anti-immigrant rhetoric**

Assam's chief minister Himanta Biswa Sarma had dialled up the rhetoric against "illegal immigrants" and "Bangladeshis". But would the Assam government force out the declared foreigners in Matia, many of whom had lived their entire lives in Assam and had families in the state?

After all, these were not foreign nationals who had jumped over barbed wire fences to sneak into India. "Declared foreigners" are typically long-term residents in Assam, who have failed to prove, in front of the state's foreigners tribunals, that they are Indian citizens.

The legal process that declared them non-citizens is itself deeply flawed, arbitrary and riddled with bias. Cases of the tribunals stripping genuine Indian citizens of citizenship are distressingly common. They have declared people foreigners on the basis of minor spelling mistakes, a lack of documents or lapses in memory. So far, however, their rulings led to years spent in detention – not deportation – as Bangladesh refused to acknowledge them as their own. Was this about to change?

The prospect was infinitely darker than we in India had considered about six years ago.

When the Narendra Modi government brought in the Citizenship Amendment Act in 2019 and Union home minister Amit Shah promised that it would be used along with a nationwide National Register of Citizens, thousands of Indian Muslims had taken to the streets in protest. They saw in it a conspiracy to strip them of Indian citizenship and throw them into detention centres. But even imprisonment in a detention camp, which many of the detainees had experienced, was better than being thrown, like expendable goods, across the border. "Their families are terrified," Rokibuz told me on the night of May 26.

The rumours turned out to be true. The next day,

Scroll broke the story of a former government schoolteacher, Khairul Islam, who had been picked up from the Matia detention camp – and then forced into Bangladesh's Kurigram district in the dead of the night. Bangladesh's border officials refused to allow them in, leaving Islam and 13 others stranded.

The basis of our story was a video shot in no man's land by a Bangladeshi journalist, in which Islam recounted his expulsion.

Over the next few days, we published more stories of people being forced across the Bangladesh border. Families were in panic, as they spotted their relatives in videos posted by Bangladeshi journalists. Other declared foreigners went into hiding, spending nights in paddy fields. Among those forced out was a 42-year-old woman, who was seen standing in a field, with her eight-month-old, in a video.

**Media silence**

This extraordinary story – the world's largest democracy spitting out its own people, without any pretence of due process – barely created a ripple in India's mainstream media at the time. Some newspapers instead went with a BSF statement that claimed that it had foiled attempts by 14 "Bangladeshis" to enter India. In Assam, where the deep historical bias against the presence of "illegal immigrants" has corroded politics, the media reported the incidents but without questioning the process through which Assam's people are labelled foreigners.

**The expulsions have not ended.**

Rokibuz has doggedly followed the story, filing Right to Information requests, digging up affidavits filed in the Gauhati High Court by the BSF, fielding calls from distressed women stranded in Bangladesh. Our most recent story was about two elderly men from Nagaon being repeatedly shunted back and forth across the India-Bangladesh border, as border officials of the two nations refuse to let them in.

It has been a lonely job. And an incredibly difficult one for Rokibuz, who belongs to the community that is in the crosshairs of this assault. The vilification of Bengal-origin Muslims as foreigners and Bangladeshis in Assam predates the rise of Hindutva, but has turned into systematic persecution under BJP rule.

Look at the wave of demolitions in Assam, for instance. In the last decade, the BJP government has evicted 15,000 families from government land, a majority of them Muslim. Every few weeks brings the story of a new demolition drive targeted at Bengal-origin Muslims – so much so that the stories do not even make the brief columns of newspapers. At least eight Muslims have been shot dead during the evictions – and the fear of state reprisal has quelled protests.

This is not simply the law taking its course. As we have reported, almost all communities in Assam settle on government land, occupy forest and grazing land.

A large section of settlers are from the "indigenous" communities. But most of the eviction drives have been carried out in Muslim-majority districts. At other times, Hindu homes have been left standing while Muslim homes have been flattened. Chief minister Himanta Biswa Sarma has announced that the "indigenous" will not be affected by the eviction drives. Finally, the state's flagship scheme for the rural landless population excludes Muslims from relief.

**How to make readers care?**

As Rokibuz's editor, besides testing the stories for rigour and accuracy, finding the right language and structure, and making the narrative as engaging as possible, I am often faced with the uncomfortable question – how do we make our readers care? How do we make them see the larger story when discrimination becomes routine and everyday?

Sometimes, we do so by asking ourselves the simplest questions. For example, why are there so many demolition drives in Assam? That question led us to work on a story that explained how the landlessness of the Bengal-origin Muslims in Assam was a product of an ecological crisis as well as political discrimination.

At all times, Scroll editors work hard on making sure that the complexity of the story does not burden the reader's empathy. Context is everything, the editor's task is to demystify.

All stories in Assam's citizenship trials, for instance, come with detailed notes on what the categories of "declared foreigners" or "doubtful voters" mean, and the contested political process that created them.

Even so, not all important stories get the attention they deserve.

**Need community**

Journalists are an extremely competitive bunch, but journalism, like all human endeavour, needs community. It is when other journalists pick up our stories, or take them forward, that we give change a fighting chance.

The indifference of the mainstream media to the story of Assam's Bengal-origin Muslims can be read as a sign of the mainland's indifference to the North East. But it is also proof of how powerful, and successful, the othering project in Assam has been.

Our persistence in the face of it is a way to resist the political dehumanisation of an entire community. To record, for history, the architecture of oppression that has been put in place in an Indian state against a community. To document how law, prejudice and hate can be used to create the acid that eats away at citizenship – the fount of all rights and protections for citizens.

It is not a story that will be contained in Assam, nor has it stopped with declared foreigners. Weeks after the first expulsions in Assam, Bengali Muslim citizens of the country were picked up in states ruled by the BJP – Maharashtra, Odisha and Delhi – and thrown across the country, even when some of them had land records going back five generations. The borderlands of India have been witness to immense trauma and pain, but rarely such wilful lawlessness.

We will continue to pay attention to the cruel tragedy being enacted on the borders, to ask questions of the manufacturing of statelessness by a democracy. We continue to hope we are not the only ones.



*Amrita with reporter Rokibuz*



*Amrita Dutta is the National Editor at Scroll.in, and lives in Bengaluru.*

# THE SPECIFIC AND ENDLESS CHALLENGES FACED BY KASHMIRI JOURNALISTS SINCE 2019

By Anon

Since 2019, after the Modi government scrapped Article 370 and bifurcated the state of Jammu and Kashmir into two Union Territories, there has been an ongoing crackdown against any form of dissent in Jammu and Kashmir, particularly Kashmir. You may know about the repression but I want to discuss the specific tactics that have been deployed.

Until August 2019, Article 370 had given autonomous special rights to the people of Jammu and Kashmir under India's Constitution. After the abrogation, Kashmir's top political leaders were placed under preventive detention, and the crackdown on media began immediately—especially targeting local, independent media and freelancers in the region. Any writing that mentions Kashmir's administration, police, security forces, or questions Modi government policies places journalists under surveillance, with their actions closely monitored. As a result, fewer reporters are able to pursue stories on human rights, detentions, security laws, or police accountability. This not only affects journalists but also disrupts the flow of reliable information from the ground. After the abrogation of Article 370, Kashmir was also placed under a communication blackout, which, according to The Washington Post, was the longest shutdown ever imposed in a democracy. It lasted from August 2019 to February 2021. This posed immense challenges for journalists in terms of news-gathering, pitching, reporting, and fact-checking.

Leading local newspapers such as *Greater Kashmir*, *Rising Kashmir*, *Kashmir Reader*, and, most importantly, Urdu newspapers—which historically had a strong readership in the Valley—stopped carrying important ground reports.Kashmiri society has historically remained deeply informed about regional, national, and geopolitical developments. Today, however, many locals feel discouraged from reading newspapers, citing a lack of nuance and basic factual reporting.

Media watchdogs such as the Committee to Protect Journalists (CPJ) and Reporters Without Borders have highlighted the climate of fear and the criminalisation of reporters, particularly within local Kashmiri media. A long-term investigation by the BBC described "a sinister and systematic campaign" used "to intimidate and silence the press in the region." Kashmiri journalists work under pervasive surveillance by security agencies. Routine reporting is frequently interpreted as "anti-national," "terror-sympathising," or "inciting unrest." No one questions how authorities in Kashmir apply these labels to journalists.

Any form of critical journalism has been suppressed and structurally prevented in ways that have ultimately forced many local media organisations to promote state-controlled narratives, freelancers to write without bylines, senior journalists to stop writing altogether and young people from avoiding the field altogether. Al Jazeera reported recently that "We collected data from three universities in Kashmir offering journalism courses and found that nearly half of the available seats remain vacant. Enrolment is declining sharply, with many seats going unfilled year after year."

**Just Ten Ways**

Senior journalists in the region, whom I have

interacted with, told me that while Kashmir's media has historically faced restrictions, there was always some space for dissent. That space no longer exists.
Below is a roundup of just ten of the many challenges that journalists in Kashmir face.

**One**. Police summons have become a routine practice, fostering fear and encouraging self-censorship. According to a report by Free Speech Collective, over 40 Kashmiri journalists faced background checks, police summons, or raids in just the first two years following the abrogation of Article 370.

**Two**. Raids on the homes of senior journalists post-2019 have placed immense pressure on families, making journalism a collective risk.

**Three.** Media reports have noted that more than 20 journalists were placed on "no-fly" lists, preventing them from travelling abroad and increasing pressure to remain silent. While there is no recent public data on how many journalists have been placed on Look-Out Circulars, but several have lost professional opportunities due to restrictions on international travel.

**Four.** Constant monitoring of social media has muted Kashmiri journalists. Sharing published work or expressing opinions online now carries extreme risk. Any form of factual or opinionated writing has become a liability.

**Five.** Post-2019, the work of many local reporters has been archived or rendered inaccessible. This was reported by Coda Story in 2021, where journalists spoke about the erasure of their reporting.

**Six.** Many freelancers now publish without bylines to avoid summons, intimidation, or legal trouble. Irfan Mehraj, an independent journalist and researcher associated with the Jammu Kashmir Coalition of Civil Society (JKCCS), has been in jail since March 2023.

**Seven**. In December 2025, some freelancers were reportedly asked not to report for foreign publications critical of Indian government policies and with a history of covering Kashmir, such as Al Jazeera, TRT World, and Middle East Eye.

**Eight.** Photographers are routinely summoned by police when their images gain online attention. This was particularly evident after the Red Fort blast in November 2025 and the subsequent demolition of suspects' homes in south Kashmir.

**Nine.**
Many journalists are unable to continue reporting from Kashmir and are forced to travel to other regions in search of alternative work—often without stable employment.

**Ten.** They are often barred from conflict sites, encounter locations, or protest areas, and most are denied official briefings. As a result, journalists are forced to rely on unofficial sources, which significantly increases their legal risk.

**And one more.** New tactics—such as the introduction of new media laws post-2020—were used to dismantle institutions like Kashmir's only press club, which had long served as a space for journalists to meet, discuss, and organise journalism-related conferences and workshops. On January 17, the Lieutenant Governor's administration declared that the press club had failed to register under the Societies Registration Act and therefore "ceased to exist," with its premises handed back to the government.

**Cut to 2025**
The year 2025 was no different for Kashmiri journalists; in fact, it introduced new challenges—especially for freelancers, who typically lack legal protection and physical safety nets. Following the Pahalgam attack in April 2025 that killed 25 tourists and led to heightened tensions between India and Pakistan, police were granted sweeping powers. Here is how we started the year though. On January 21, 2025, *The Indian Express*, *Hindustan Times*, and *The Wire* reported the summoning of several senior Kashmiri journalists with over two decades of reporting experience. These journalists were reportedly asked to sign bonds pledging not to "repeat mistakes.

Freelancers and photographers were frequently called by authorities and asked to verify their personal and family information. Recently, the police even asked for our bank details, and forced to hand over their PAN and Passport details as well.

